അക്വിസിഷന്റെ കാര്യത്തിൽ ഡിലേയുണ്ട്. ആ ഡിലേ ഒഴിവാക്കാൻ റവന്യൂ വകുപ്പുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ കേസുകളിൽ മാത്രമല്ല, മിക്കവാറും പ്രോജക്ടുകളിൽ ഡിലേയുണ്ട്. പക്ഷേ അതിന്റെ ഫണ്ട് ലാപ്സാക്കുന്ന പ്രശ്നമൊന്നുമില്ല. ഈ പ്രോജക്ടുമായി മുന്നോട്ടു പോകുന്നതാണ്. ആലുവ-അങ്കമാലി മാത്രം പോരാ. അത് ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതിയിൽപ്പെട്ട കേരളത്തിന്റെ 600 കിലോമീറ്റർ റോഡ് ഒറ്റയടിക്ക് 5 കൊല്ലം കൊണ്ട് തീരുന്ന ഒരു പരിപാടിയാണുള്ളത്.

(2) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ദാസൻ : കേന്ദ്ര സർക്കാരിന്റെ തെറ്റായ നയംമൂലം കേരളത്തിലെ കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ എനിക്ക് അവതരിപ്പിക്കാനുള്ളത്. ഇവിടെ കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽപേർ തൊഴിലെടുക്കുന്നത് കൈത്തറി മേഖലയിലാണ്. ആ വ്യവസായത്തെ വളർത്തിയെടുക്കാൻ, തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്താൻ ഫലപ്രദമായ ഒരു നടപടിയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടില്ല. ദീർഘ വീക്ഷണത്തോടും ശാസ്ത്രീയമായ സമീപനത്തോടും പദ്ധതികൾ ആവിഷ്ക്കരിച്ചാൽ മാത്രമേ ഈ മേഖല വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. പരമ്പരാഗതമായി ഈ വ്യവസായ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് രണ്ടുലക്ഷം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഈ രണ്ടു ലക്ഷം തൊഴിലാളികളെ ആശ്രയിച്ച് ഏതാണ്ട് 5 ലക്ഷത്തോളം കുടുംബങ്ങളും ഈ രംഗത്തുണ്ട്. ഈ മേഖല നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തിരമായി പരിഹാരം കാണുന്നില്ലെങ്കിൽ ഇത്രയും തൊഴിലാളികളും അവരുടെ കുടുംബങ്ങളും നിത്യ ദാരിദ്ര്യത്തിലേക്ക് വലിച്ചിഴക്കപ്പെടുന്ന ഒരു അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച പുതിയ ടെക്സ്റ്റൈൽ നയവും കൈത്തറി വ്യവസായത്തെ തകർച്ചയിലേക്ക് നയിക്കുകയാണ്. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി ഉൽപ്പന്നങ്ങളും വിദേശ മാർക്കറ്റിനെ ആശ്രയിച്ചാണ് വിറ്റഴിക്കപ്പെടുന്നത്. ആഭ്യന്തര മാർക്കറ്റിൽ വിപണനം വളരെ കുറവാണ്. വിദേശ ഓർഡറുകളിൽ വൻതോതിൽ ഇടിവ് സംഭവിച്ചതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം. ഇവിടെ ലഭിക്കുന്ന ഓർഡർ തന്നെ ഉൽപ്പാദനച്ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നവയാണ്. അതിന്റെ ഫലമായി വലിയ പ്രയാസം ഈ മേഖലയിൽ നേരിടുകയാണ്. വിദേശ മാർക്കറ്റിൽ ഈ അടുത്ത കാലം വരെ മൊത്തം കയറ്റുമതിയുടെ 35 ശതമാനം ഇൻഡ്യയിൽ നിന്നായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുകയാണ്. ലോക മാർക്കറ്റിൽ ചൈന, ജപ്പാൻ, പാകിസ്ഥാൻ തുടങ്ങിയ രാഷ്ട്രങ്ങൾ വൻനേട്ടമാണ് ഉണ്ടാക്കിയത്. ഇതിൽ ചൈന കൈവരിച്ച നേട്ടങ്ങൾ അഭൂതപൂർവമാണ്. നൂതനമായ സാങ്കേതിക വിദ്യയിലൂടെ വലിയ കുതിച്ചു കയറ്റമാണ് ചൈന നടത്തിയിട്ടുള്ളത്. നമ്മൾ ഇപ്പോഴും കളറിനുവേണ്ടി ഡൈ ചെയ്യുന്ന സമ്പ്രദായം തുടരുകയാണ്. ചൈനയാണെങ്കിൽ ആവശ്യമായ നിറത്തിലുള്ള പരുത്തി തന്നെ ഉൽപ്പാദിപ്പിച്ചാണ് മാർക്കറ്റിൽ എത്തിക്കുന്നത്. പ്രകൃതിജന്യമായ നൂലുകളിൽ നിന്നുള്ള കളറും തുണിയുമാകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അത് കൂടുതൽ ആകർഷിക്കപ്പെടും. ലോകത്ത് ആകെയുള്ള പരുത്തിക്കൃഷിയുടെ 25 ശതമാനവും ഇൻഡ്യയിൽ നിന്നാണെങ്കിലും കാലോചിതമായി അത് പരിഷ്ക്കരിച്ചതിന്റെ ഫലമായി ഇതിൽ 15 ശതമാനം മാത്രമേ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നുള്ളു. ഇൻഡ്യാ ഗവൺമെന്റിന്റെ പുതിയ ടെക്സ്റ്റൈൽ നയം ഈ രംഗത്ത് കൂടുതൽ കുഴപ്പം സൃഷ്ടിക്കുകയാണ്. ഇതുമൂലം പരുത്തി കൃഷിയെ ആശ്രയിക്കുന്ന ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ തൊഴിലാളികളും കൃഷിക്കാരും പട്ടിണിമരണത്തിലേക്ക് വലിച്ചിഴക്കപ്പെടുന്ന ഒരു വാർത്തയാണ് നമ്മൾ കേൾക്കുന്നത്. കൈത്തറി വ്യവസായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച സത്യൻ കമ്മീഷൻ റിപ്പോർട്ട് കേരളത്തെ പ്രതികൂലമായ രീതിയിൽ ബാധിക്കുന്നതാണ്. കൈത്തറിയ്ക്ക് അനുവദിക്കുന്ന സംവരണം, മാർക്കറ്റിംഗ് ഡവലപ്പ്മെന്റ് അസിസ്റ്റന്റ്സ് (എം. ഡി. എ) എന്നിവയൊന്നും തുടർന്ന് നൽകേണ്ടതില്ലെന്ന് സത്യൻ കമ്മിഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. കേരളത്തിലെ കൈത്തറി വ്യവസായത്തെ രക്ഷിക്കണമെങ്കിൽ ദേശീയ മിനിമം കൂലി നിശ്ചയിക്കേണ്ടതുണ്ട്. കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കിട്ടുന്ന തമിഴ്നാട്ടിലും മറ്റും തുണി ഉൽപ്പാദിപ്പിച്ച് കേരളത്തിലെ ഉൽപന്നങ്ങൾ എന്ന ലേബലിൽ വിപണിയിൽ ഇറക്കുന്ന സ്ഥിതിയും ഇന്ന് നിലവിലിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്തു നിലവിലുള്ള വ്യാജൻമാരെ നിയന്ത്രിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ 30 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നമുക്ക് ആവശ്യത്തിനുവേണ്ട നൂല് കിട്ടാത്ത സ്ഥിതി ഇപ്പോൾ നിലവിലിരിക്കുകയാണ്. നമ്മുടെ മില്ലുകൾ ശാസ്ത്രീയമായി നവീകരിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ കൈത്തറി തൊഴിലാളികളിൽ ഭൂരിഭാഗവും, ഏതാണ്ട് 75 ശതമാനവും സഹകരണമേഖലയിലാണ്. അവരുടെ ഉൽപ്പന്നങ്ങൾ പ്രധാനമായും ആഭ്യന്തര വിപണിയെയാണ് ആശ്രയിക്കുന്നത്. ഇതിന് സഹായവും പ്രോൽസാഹനവും സർക്കാരിൽ നിന്നും ലഭിക്കുന്നത് റിബേറ്റായിട്ടാണ്. സാധാരണയായി റിബേറ്റു കാലത്താണ് സഹകരണസംഘങ്ങളിലെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ കൂടുതലായി വിറ്റഴിക്കുന്നത്. റിബേറ്റ് നിലനിർത്തി ഇതിനെ അഭിവൃദ്ധിപ്പെടുത്താൻ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. കേന്ദ്രം റിബേറ്റ് നിർത്തലാക്കിയെങ്കിലും സംസ്ഥാനം ഇപ്പോഴും ഇത് തുടരുന്നത് വളരെയേറെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. സത്യൻ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ആവശ്യമായിട്ടുള്ള സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. ഹാന്റക്സ്, ഹാൻവീവ്, നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ എന്നിവയിലും കോടിക്കണക്കിന് രൂപയുടെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുകയാണ്. ഇത് വിറ്റഴിക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉപഭോക്താക്കളുടെ അഭിരുചിക്ക് അനുസരിച്ച് കാലോചിതമായ പരിഷ്ക്കാരങ്ങൾ ഉൽപ്പന്നങ്ങളിൽ വരുത്തിയേ മതിയാകൂ. അതിന് ആവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളികളെ ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ള ഡൈയിംഗും വീവിംഗും പഠിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ അത്യാവശ്യമാണ്. അതിന് ജില്ലാടിസ്ഥാനത്തിൽ പരിശീലന സെന്ററുകൾ ആരംഭിക്കണം എന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ജില്ലാ ബാങ്കുകൾ നൽകുന്ന വായ്പ, ക്യാഷ് ക്രെഡിറ്റ് എന്നിവയിലുള്ള പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന രണ്ടുലക്ഷം തൊഴിലാളികളും അവരെ ആശ്രയിച്ചു കഴിയുന്ന 5 ലക്ഷം കുടുംബങ്ങളും നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഇന്നുള്ള ടെക്സ്റ്റൈൽ നയം തിരുത്തുന്നതിന് വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻ സാധിക്കുന്ന രൂപത്തിൽ ഒരു ടെക്സ്റ്റൈൽ നയം ആവിഷ്ക്കരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തിയായ സമ്മർദ്ദം ചെലുത്തണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹായകമായി നൽകിയിരുന്ന റിബേറ്റ് കേന്ദ്രസർക്കാർ വർഷങ്ങൾക്കു മുമ്പ് തന്നെ പൂർണ്ണമായും നിർത്തലാക്കി. അതിനുശേഷം വിപണനസഹായമായി ആരംഭിച്ച 'വിപണന സഹായ പദ്ധതി' ആനുകൂല്യം രണ്ടുവർഷം കൊണ്ട് കുറച്ചുകൊണ്ടിരിക്കുകയാണ്. 31-3-2000 മുതൽ പൂർണമായും നിർത്തലാക്കാൻ തീരുമാനിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ ഈ നടപടി കൈത്തറി ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. ഇതിനെ സംസ്ഥാന ഗവൺമെന്റ് അതിശക്തമായി എതിർത്തിട്ടുണ്ട്. അത് സംബന്ധിച്ച് നിവേദനവും നൽകിയിട്ടുണ്ട്. മറ്റു സംസ്ഥാന ഗവൺമെന്റുകളും ഗുജറാത്ത് ഉൾപ്പെടെ എം. ഡി. എ. നിർത്തലാക്കുന്നതിനെതിരെ അതിശക്തിയായി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. മറ്റു പല സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രത്തിൽ ഇതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണനയത്തിന്റെ ഭാഗമായി വിദേശ നിർമ്മിതവും വളരെ വില കുറഞ്ഞതും അത്യാവശ്യവുമായ ഉൽപ്പന്നങ്ങൾ നമ്മുടെ കമ്പോളത്തിൽ വന്നടിയുന്നു. നമ്മുടെ ഉൽപ്പന്നങ്ങളുടെ വിപണനം ദീർഘവും അസാദ്ധ്യവുമായി തീർക്കുന്നതുമായ സാഹചര്യം ഉണ്ടാക്കിരിക്കുകയാണ്. അതിന് ഒരളവ് വരെ പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി നവീകരണ ലക്ഷ്യത്തോടെ കൈക്കൊണ്ട ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനും ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ തറികളിൽ വരുത്തി വസ്ത്രനിർമ്മാണം നടത്തുന്നതിനും കയറ്റുമതി ചെയ്ത വസ്ത്രങ്ങൾക്ക് സബ്സിഡി വഴി ധനസഹായം നൽകുന്നതിനുമുള്ള കേരള സർക്കാരിന്റെ നടപടികളിൽ മുകളിൽ വിവരിച്ച പ്രതിസന്ധിക്ക് ആശ്വാസം ഉണ്ടാക്കാൻ കഴിയുമോ എന്ന വലിയ പരിശ്രമമാണ് നടത്തികൊണ്ടിരിക്കുന്നത്. ഉൽപ്പാദനച്ചെലവ് കുറയ്ക്കുക, അസംസ്കൃത വസ്തുക്കളുടെ വില ക്രമീകരിക്കുക, അവ ആവശ്യത്തിന് ലഭ്യമാക്കുക, വിപണന പ്രോൽസാഹനവും ആകർഷണീയമായ ഇളവുകൾ നൽകുക തുടങ്ങിയ കാര്യങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യമായ ധനസഹായം ലഭിക്കുന്നതിനുള്ള ശ്രമവും സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. അന്യരാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങളുടെ ഇറക്കുമതി പരമാവധി നിയന്ത്രിക്കുകയെന്നുള്ള നിലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സത്വര നടപടികൾ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചാൽ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പരമ്പരാഗത വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നം ഒരളവ് വരെയെങ്കിലും പരിഹരിക്കാൻ കഴിയുകയുള്ളൂ. ഉദാരവൽക്കരണ നയത്തിന്റെ ഫലമായി ലോകരംഗത്ത് വന്നിരിക്കുന്ന ഫൈബർ എക്യുപ്മെന്റിലും മറ്റു കാര്യങ്ങളിലും ഇൻഡ്യ കൂടി ഭാഗഭാക്കായതോടുകൂടി പ്രത്യേകിച്ചും ഷാട്ട സിസ്റ്റം അമേരിക്ക കൊണ്ടുവന്നതോടുകൂടി കയറ്റി അയയ്ക്കുന്നതിനുള്ള സാദ്ധ്യത വളരെ വിരളമാണ്. ഏറ്റവും ആധുനികമായ ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കണ്ണൂർപോലുള്ള സ്ഥലത്തുനിന്നുപോലും നമുക്ക് സാധനങ്ങൾ കയറ്റി അയയ്ക്കാൻ കഴിയുന്നില്ല. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഈ എഗ്രിമെന്റ് വളരെ പ്രധാന ഘടകമാണ്. അതുകൊണ്ട് ഇതിനെതിരായിട്ടുള്ള പോരാട്ടവും വളരെ പ്രധാനമാണ്. കേന്ദ്രത്തിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് നിബന്ധനകൾ വാസ്തവത്തിൽ വളരെയധികം ഉപയോഗപ്രദമാക്കാൻ കഴിയാത്ത വിധത്തിലുമാണ്. ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സഹകരണ മേഖലയിലും, പൊതുമേഖലയിലും ഉള്ള ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുന്നതിന് ഫണ്ട് കൊടുക്കാനും അത് നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ഇതിനുള്ള സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കാനുള്ള പരിശ്രമം പലവിധത്തിൽ നടത്തിയെങ്കിലും അപൂർവം വരുന്ന വളരെ ലാഭകരമായി നടക്കുന്ന മേഖലയ്ക്ക് മാത്രമേ കിട്ടാൻ സാധ്യതയുള്ളൂ. നമ്മുടെ ടെക്സ്റ്റൈൽ മില്ലുകൾ കുറേക്കാലമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഏതാണ്ട് സ്പൂൺ ഫീഡ് ചെയ്യുന്നതുപോലെ ഇടയ്ക്കിടയ്ക്ക് കുറേശ്ശെ കാശ് കൊടുത്താണ് നമ്മൾ ഇതിനെ നിലനിർത്തിപ്പോരുന്നത്. ഇവയുടെ നവീകരണത്തിന് ഏതാണ്ട് 100 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. നവീകരണത്തിനുള്ള നടപടികൾ എല്ലാ മില്ലുകളിലും ഇന്ന് പൂർത്തിയാക്കി വരികയാണ്. സ്വകാര്യ മേഖലയിലുള്ള ചില സ്ഥാപനങ്ങളെയും എങ്ങനെ സഹായിക്കാൻ കഴിയും എന്നുള്ള കാര്യമടക്കം നമ്മൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള സത്യൻ കമ്മിഷന്റെ ശുപാർശയിൽ അടങ്ങിയിട്ടുള്ള കൈത്തറി റിസർവേഷൻ നിയമം എടുത്തുകളയുന്നതിനും കഴിനൂൽ വിതരണം ചെയ്യുന്നതു സംബന്ധിച്ചുള്ള yarn obligation പദ്ധതി നിർത്തലാക്കുന്നതിനും സബ്സിഡിയായി ധനസഹായം ലഭ്യമാക്കുന്നത് അവസാനിപ്പിക്കാനുമുള്ള ശുപാർശകൾ അതേപടി നടപ്പിലാക്കുകയാണെങ്കിൽ ഈ വ്യവസായത്തിന്റെ അവസ്ഥ കൂടുതൽ ദയനീയമാകാനാണ് സാദ്ധ്യത. ഈ കാര്യങ്ങളൊക്കെ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളുടെ വിലയുടെ 20 ശതമാനം പരമാവധി 20 ലക്ഷം രൂപ ഒരു കൈത്തറി സഹകരണ സംഘത്തിന് ഒരു വർഷം എന്ന പദ്ധതി തുടരുന്നതോടൊപ്പം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ വഴി ലഭ്യമാക്കുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുന്നതാണ്. കൈത്തറി യൂണിറ്റുകളും,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടെക്സ്റ്റൈൽ മില്ലുകളും നേരിട്ട് പരിശോധന നടത്തി കൈത്തറിയ്ക്ക് റിസർവ് ചെയ്തിട്ടുള്ള തുണികൾ ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധന നടപടികൾ കൈത്തറി ഡയറക്ടറേറ്റിലെ എൻഫോഴ്സ്മെന്റിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരെക്കൊണ്ട് നടത്തുന്നതാണ്. കേരളാ ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ടിന്റെ വിനിയോഗം വഴി നവീകരണ പദ്ധതി വന്നാൽ കഴിനൂൽ വേണ്ടത്ര അളവിലും കൗണ്ടിലും ഉൽപ്പാദന സാദ്ധ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള നടപടി കൈത്തറി വ്യവസായത്തിന് പ്രയോജനപ്പെടുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റന്റ്സ് നിർത്തലാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. അടുത്ത് തന്നെ ഞാൻ ഡൽഹി സന്ദർശിക്കുന്ന അവസരത്തിൽ വീണ്ടും അവരെക്കണ്ട് ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൈത്തറി വ്യവസായം നവീകരിക്കുന്നതിന് വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹാന്റക്സിൽ ഇലക്ട്രോ മെക്കാനിക്കൽ ജക്കാർഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന ഹാന്റ്ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ആകർഷകങ്ങളും അതിനൂതനങ്ങളുമായ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങളും, തൊഴിലാളികൾക്ക് വിദഗ്ദ്ധമായ പരിശീലനവും നൽകിവരുന്നു. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം ലക്ഷ്യമാക്കി സിൽക്ക്, പോളിസ്റ്റർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോൽസാഹനം നൽകിവരുന്നു. കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് സബ്സിഡി നൽകുന്നതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രോഡക്ട് പാക്കേജ് പദ്ധതി' പ്രകാരം വികസന പ്രക്രിയ നടപ്പിലാക്കുന്ന സംഘങ്ങൾ കയറ്റുമതി പ്രാധാന്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് പ്രോൽസാഹനം നൽകിവരുന്നു. ഈ ഗവൺമെന്റ് വന്നതിനു ശേഷം എം. ഡി. എ. ഇനത്തിലും അതുപോലെ റിബേറ്റ് ഇനത്തിലും ഏതാണ്ട് 60 കോടിയിൽപരം രൂപ 1993 മുതൽ കുടിശ്ശികയായി കിട്ടുന്നതടക്കം നമ്മൾ ഇപ്പോൾ കൊടുത്തു തീർത്തിട്ടുണ്ട്. ഇപ്പോൾ കുടിശ്ശികയായിട്ടുള്ളത് വാസ്തവത്തിൽ റിബേറ്റ് ഇനത്തിൽ നാൽപ്പത്തഞ്ച് കോടിയോളം രൂപ ഉണ്ടായിരുന്നത് ഇന്ന് പന്ത്രണ്ട് കോടിയായി ചുരുങ്ങിയിരിക്കുകയാണ്. ഏറ്റവും അവസാനമെടുത്ത കണക്കനുസരിച്ച് ആ രീതിയിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതിന്റെ പരമാവധി സഹായങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇനിയും അതിനാവശ്യമായ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനും ഇപ്പോൾ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും എന്ത് സംവിധാനം ഉണ്ടാക്കണമെന്നുള്ള കാര്യം ഞങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. നാലഞ്ച് ലക്ഷം ജനങ്ങൾ ജീവിക്കുന്ന ഒരു വ്യവസായ മേഖലയായതുകൊണ്ട് തന്നെ ഇതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റിന്റെ പരിമിതമായ സൗകര്യങ്ങൾക്കിടയിൽ നിന്നുകൊണ്ട് ചെയ്യുന്നതാണ്. അതിനുള്ള ശക്തമായ നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്.